# സ്തുതി
## the praise

ബിജോയ് ശാമുവേൽ അബുദാബി



‘ നിൻ സ്തുതിയും ഹാലേലുയ്യായും

കർത്താവേ ! ഞാൻ നിർത്തരുതേ ’

സകലത്തിന്റെയും സർവ്വത്തിന്റെയും സൃഷ്ടികർത്താവാണ് പിതാവായ ദൈവം. പിതാവായ ദൈവത്തിന്റെ സകല സൃഷ്ടികളും ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തെ സ്തുതിക്കാത്തവരും സ്തോത്രം ചെയ്യാത്തവരും ഉറങ്ങുന്നവരാണ്, മൗനതയിൽ ഇറങ്ങിയവരാണ്. സങ്കീർത്തനങ്ങൾ 115:17, ‘ മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല. നാമോ, ഇന്നു മുതൽ എന്നേക്കും യഹോവയെ വാഴ്ത്തും.’ ദൈവത്തെ സ്തുതിക്കാത്തവർ, മരിച്ചവരും മൗനതയിൽ ഇറങ്ങിയവരുമാണ്. കർത്താവ് സൃഷ്ടിച്ച സകലതും ദൈവത്തെ സ്തുതിക്കുന്ന സത്യവചനങ്ങളാണ് 148, 149, 150 മസുമൂറകൾ. ഈ ലോകത്തിലെ സകലതും ദൈവത്തെ സ്തുതിക്കുന്നു. ജീവനുള്ളത് എല്ലാം ദൈവത്തെ സ്തുതിക്കുന്നു. നാം എപ്പോഴും ദൈവത്തെ സ്തുതിക്കാറുണ്ടോ? സ്തുതിക്കാത്ത സമയം നാം മരിച്ചതിനു തുല്ല്യമാണ് എന്ന് വചനം സാക്ഷിക്കുന്നു. എപ്പോഴും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നില്ലായെങ്കിൽ അവിടെ ദുഷ്ടശക്തികൾ നമ്മുടെ ചിന്തകളിൽ വിത്ത് പാകുകയും അവിടെ അതിനെ മുളപ്പിച്ച് അഹങ്കാരത്തിന്റെയും കോപത്തിന്റെയും സ്വയത്തിന്റെ വലിയ മരങ്ങൾ വളരുവാൻ ഇടയാകും. ആയതിനാൽ നാം എപ്പോഴും ദൈവത്തെ സ്തുതിക്കേണം.

148 -ാം മസുമൂർ തുടങ്ങുന്നത്, ‘ ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേററ് ദൈവത്തെ സ്തുതിപ്പിൻ’ എന്നാണ്. നാം ഉറങ്ങികിടക്കുകയാണോ? ലോകത്തിന്റെ മോഹങ്ങളിലും രാഗങ്ങളിലും മുഴുകി ഉറങ്ങുന്നവരാണോ? എങ്കിൽ ഉണരുക, എഴുന്നേൽക്കുക, സ്തുതിക്കുക. അതാണ് ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത്. സ്തുതികളിലും ഹാലേലുയ്യായിലും വസിക്കുന്നവനാണ് നമ്മുടെ കർത്താവ്. അവിടെ ധനം, മാനം, സൗന്ദര്യം, കീർത്തി ഒന്നും ആവശ്യമില്ല. സ്തുതിയും സ്തോത്രവും മാത്രം മതി, അത് പരിപൂർണ്ണമാക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ആകാശത്തിൽ നിന്നാണ് കർത്താവിനെ സ്തുതിക്കേണ്ടത്. അത് എങ്ങനെ സാധിക്കും? അതാണ് വിശുദ്ധ ലൂക്കൊസ് 1 ന്റെ 46 ൽ വിശുദ്ധ കന്യകമറിയ പറഞ്ഞത്, ‘എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.’ ഇവിടെ ഉള്ളം എന്നു പറഞ്ഞത് മനുഷ്യന്റെ മൂന്ന് അവസ്ഥയിലെ ദേഹിയാണ്, പ്രാണനാണ്. മനുഷ്യന് ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് അവസ്ഥകളുണ്ട്.

നമ്മുടെ ദേഹിയ്ക്കു മാത്രമേ ആകാശത്തിൽ നിന്ന് ദൈവത്തെ സ്തുതിക്കാൻ കഴിയുകയുള്ളു. അതാണ് വിശുദ്ധ കുർബ്ബാനയിൽ രണ്ടാം അദ്ധ്യായത്തിൽ രണ്ടാം പ്രാർത്ഥനയിൽ, പുരോഹിതൻ പ്രാർത്ഥിച്ച് ആഹ്വാനം ചെയ്യുന്നത്, 'ഈ നാഴികയിൽ നാം എല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിന്റെ വലുഭാഗത്തിരിക്കുന്ന പുത്രനിൽ ആയിരിക്കണം' എന്ന്. നമ്മുടെ എത്രപേരുടെ ബോധവിചാരഹൃദയങ്ങൾ ആ സമയത്ത് കർത്താവിന്റെ വലുഭാഗത്തിരിക്കുന്നുണ്ട്? ഇല്ലെങ്കിൽ കുമ്പസാരിച്ച് ഏററുപറയേണ്ടതായ ഒരു വലിയ പാപം ആണ്. കാരണം വായ് കൊണ്ട് ഉറക്കെ പറയുകയും അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്യുന്നത് വലിയ കുററമാണ്. ഈ പ്രാർത്ഥന കേട്ടിട്ട് സാത്താൻ നമുക്ക് എതിരായി കേസ്സുമായി സ്വർഗ്ഗരാജ്യത്തിൽ ചെല്ലുകയും, നമ്മുടെ അനുഗ്രഹങ്ങൾക്ക് തടസ്സം ഉണ്ടാക്കുകയും ചെയ്യുന്നു. സാത്താൻ അപവാദങ്ങൾ പറഞ്ഞു വിശ്വസിപ്പിക്കാൻ മിടുക്കനാണ്. വെളിപ്പാട് പുസ്തകം 12:10 ൽ പറയുന്നു, '

രാപ്പകൽ ദൈവസന്നിധിയിൽ കുററം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു കളഞ്ഞല്ലോ?'. വിശുദ്ധ യോഹന്നാൻ 8:44 ' അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.' നാം ചെയ്യാത്തതും അറിയാത്തതുമായ കാര്യങ്ങൾക്കുപോലും രാവും പകലും അപവാദം പറഞ്ഞു നടക്കുന്നവനാണ് സാത്താൻ. അപ്പോൾ പാപത്തിനും കടങ്ങൾക്കും എത്രയധികം കേസ്സുകൾ നമുക്ക് എതിരായി കൊടുത്തുകാണും? ആകാശത്തിലും ഉന്നതിയിലും ദൈവത്തെ സ്തുതിക്കാൻ കഴിയുന്ന നമ്മുടെ ദേഹിയുടെ വശം പരിപൂർണ്ണമായി യേശുവിന്റെ ഉള്ളിൽ എത്തിച്ചേരണം. അതിന് നിത്യവും നന്മകൾ മാത്രം ചിന്തിക്കുകയും പ്രവൃത്തിക്കുകയും ചെയ്യേണം. ദൈവത്തിന്റെ സകല ദൂതന്മാരും സൈന്യങ്ങളും ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന് ദൂതന്മാരും സൈന്യങ്ങളും ഉണ്ടോ? എന്തിനുവേണ്ടിയാണ്? യുദ്ധം നടക്കുന്നുണ്ടോ? ആരാണ് ശത്രു? സാത്താനും അവന്റെ സൈന്യങ്ങളും. നമുക്ക് ഈ ദുതന്മാരുടെയും സൈന്യങ്ങളുടെയും സഹായം ലഭിച്ചിട്ടുണ്ടോ? സൂര്യനും ചന്ദ്രനും ദൈവത്തെ സ്തുതിക്കുന്നു. പ്രകാശമുള്ള സകലനക്ഷത്രങ്ങളും ദൈവത്തെ സ്തുതിക്കുന്നു. ആകാശങ്ങളുടെ ആകാശങ്ങളും അവയ്ക്കുമീതെയുള്ള വെള്ളങ്ങളും ദൈവത്തെ സ്തുതിക്കുന്നു.

നാം ദർശിക്കാത്ത പ്രപഞ്ചത്തിന്റെ വിശാലമായ അതിരുകളും അവസ്ഥയും എത്ര ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. ആകാശങ്ങളുടെ മീതെയുള്ള വെള്ളങ്ങളെ നാം കണ്ടിട്ടുണ്ടോ? ഇവയെല്ലാം ദൈവത്തെ സ്തുതിക്കാൻ വ്യക്തമായ കാരണമുണ്ട്, എന്തെന്നാൽ ദൈവം പറഞ്ഞു, അവയെല്ലാം ഉണ്ടായി. ദൈവം കല്പച്ചു, അവയെല്ലാം സൃഷ്ടിക്കപ്പെട്ടു. അവയെല്ലാം സ്ഥിരപ്പെടുത്തി, നിയമം ഉണ്ടായി. അത് ഒരിക്കലും അഴിയുന്നതുമല്ല. ദൈവത്തിന്റെ വചനത്തിന്റെ ഒരു വള്ളിയോ പുള്ളിയോ മാററം വരുന്നില്ല. തന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യൻ ദൈവത്തെ സ്തുതിക്കാതെയും സ്തോത്രം ചെയ്യാതെയും ഇരിക്കുമ്പോൾ ദുഖിക്കുന്ന പിതാവായ ദൈവവും അപ്പോൾ സന്തോഷിക്കുന്ന സാത്താനും നമ്മുടെ ആത്മാവിനുവേണ്ടിയും ദേഹിയ്ക്കുവേണ്ടിയും യുദ്ധം ചെയ്യുന്നു. നമ്മുടെ സഹകരണമനോഭാവം ആശ്രയിച്ചിരിക്കും വിജയത്തിന്റെ ആഘോഷം.

ഇനിയും ഭൂമിയിൽ നിന്ന് എന്തെല്ലമാണ് ദൈവത്തെ സ്തുതിക്കുന്നത് എന്ന് നോക്കാം. മഹാസർപ്പങ്ങളും ആഴങ്ങൾ, അഗ്നി, കൽമഴ, ഉറച്ചവെള്ളം, ഹിമം, കാററുകൾ, കൊടുംകാററുകൾ എല്ലാം കർത്താവിനെ സ്തുതിപ്പിൻ. നമുക്ക് നാശവും ഉപദ്രവും അപകടവും വരുത്തുന്ന നാശകരമായ ഇവ എങ്ങനെയാണ് ദൈവത്തെ സ്തുതിക്കുന്നത്. അപ്പോൾ നാം എത്രമാത്രം ദൈവത്തെ സ്തുതിക്കണം? ആരാധിക്കേണം? സ്തോത്രം ചെയ്യേണം? പർവ്വതങ്ങൾ, കുന്നുകൾ, ഫലവൃക്ഷങ്ങൾ, കാരകിലുകൾ, മൃഗങ്ങൾ, കന്നുകാലികൾ, ഇഴജന്തുക്കൾ, പക്ഷികൾ, പറവകൾ എന്നിവയെല്ലാം ദൈവത്തെ സ്തുതിപ്പിൻ എന്ന് ആഹ്വാനം ചെയ്യുമ്പോൾ ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ മണവാട്ടിസഭയായി തീരേണ്ടതായ നാം എത്രമാത്രം ദൈവത്തെ സ്തുതിക്കേണം. നമ്മുടെ സ്തുതികൾ, സ്തോത്രങ്ങൾ പിതാവായ ദൈവത്തെ പ്രസാദിപ്പിക്കുന്നുണ്ടോ? ഇനിയും ദൈവസൃഷ്ടികളായ മനുഷ്യരെപ്പററി എന്താണ് പറയുന്നത്? ഭൂമിയിലെ രാജാക്കന്മാരും സകല ജനങ്ങളും പ്രഭുക്കന്മാരും ന്യായാധിപന്മാരും ശിശുക്കളും കന്യകമാരും വൃദ്ധന്മാരും യൗവനക്കാരും എല്ലാവരും കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. നമ്മുടെ ജീവിതയാത്രയിൽ മേൽപറഞ്ഞ അവസ്ഥയിൽ കൂടി കടന്നുപോകേണ്ടിവരും. ആ അവസ്ഥയിൽ നാം ദൈവത്തെ എത്രത്തോളം സ്തുതിച്ചു?

ദൈവത്തിന്റെ നാമം നാം സ്തുതിക്കാൻ കാരണം എന്താണ്? ദൈവത്തിന്റെ നാമം മാത്രം വലിയതാകുന്നു. ആ നാമമഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. സകലർക്കും മഹത്വം ഉയർത്തുന്ന നാമം ദൈവത്തിന്റെതാണ്. നാം ആ നാമത്തെ സദാനേരം സ്തുതിക്കേണം. ദാവീദിന്റെ സങ്കീർത്തനങ്ങൾ പോലെ കർത്താവിനു പുതിയ പാട്ട് പാടണം. നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടണം. അങ്ങനെ ചെയ്യുമ്പോൾ ഇസ്രായേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യുന്നു. ഈ ആനന്ദവും സന്തോഷവും നമുക്ക് അനുഭവിക്കാൻ കഴിയുന്നുണ്ടോ? നാം തപ്പുകളാലും ചതുരത്തപ്പുകളാലും ദൈവത്തിന്റെ നാമത്തെ സ്തുതിക്കുകയും വീണകളാൽ പാടുകയും ചെയ്യണം. നമ്മുടെ അകത്തെ മനുഷ്യന്റെയും പുറത്തെ മനുഷ്യന്റെയും പത്ത് കമ്പിയുള്ള വീണ കൊണ്ട് വേണം ദൈവത്തെ സ്തുതിക്കാൻ. ഈ ലോകത്തിൽ നിന്ന് നാം വാങ്ങിപ്പോകുമ്പോൾ, പുറത്തെ മനുഷ്യന്റെ (ശരീരം) അഞ്ച് കമ്പികൾ സ്തംഭിക്കുന്നു. എന്നാലും അകത്തെ അഞ്ച് കമ്പികൾ തുടർന്നും പ്രവർത്തിക്കുന്നു. അങ്ങനെയാണ് വാങ്ങിപ്പോയവർ ആത്മലോകത്ത് പ്രവർത്തിക്കുന്നത്.

ഇങ്ങനെ ദൈവത്തെ സ്തുതിക്കുമ്പോൾ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ആത്മാവിൽ ദരിദ്രന്മാർക്ക് അവൻ രക്ഷ കൊടുക്കുകയും ചെയ്യുന്നു. നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടുന്നതും തങ്ങളുടെ കട്ടിലുകളിന്മേൽ ദൈവത്തെ സ്തുതിക്കുകയും തന്റെ വായ്കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യുന്നു. കർത്താവിനെ സ്തുതിക്കുവാൻ നാം ശുദ്ധരായിരിക്കണം. ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ഓരോരുത്തരുടെയും ശുദ്ധീകരണമാണ്. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് / വിശുദ്ധ ദൈവാലയത്തിൽ സ്തുതിക്കണം. അവന്റെ ആകാശത്തട്ടിൽ അവനെ സ്തുതിക്കണം. വിശുദ്ധ ദൈവാലയത്തിന്റെ പ്രാധാന്യവും നമ്മുടെ ശരീരം വിശുദ്ധരായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിക്കണം. ദൈവത്തെ സ്തുതിക്കുമ്പോൾ നമ്മുടെ ശരീരത്തിന്റെ ചലനത്തെപ്പററി വളരെയധികം ശ്രദ്ധിക്കേണം. വലിയ ശബ്ദത്തോടെ, ബഹളത്തോടെ പ്രാർത്ഥന നടത്തുന്നത് ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുന്നില്ല. യഥാർത്ഥത്തിൽ, ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് നമ്മുടെ ദേഹിയാണ്.

അപ്പോൾ ശാന്തതയും സമാധാനവും ഉളവാക്കുന്നു. മാധുര്യമുള്ള കമ്പികളാൽ, നാദമുള്ള കൈത്താളത്താൽ, ശബ്ദത്താലും ആർപ്പുവിളിയാലും ദൈവത്തെ സ്തുതിക്കേണം. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കേണം എന്ന് വചനം ഘോഷിക്കുന്നു. നമ്മുടെ സംസാരവും ഇടപെടലുകളും എല്ലാം ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ആക്കണം. നമ്മുടെ ഹൃദയവിചാരങ്ങൾ പരിശുദ്ധാത്മാവിന്റെ നിറവിൽ ആകണം. നമ്മുടെ നിക്ഷേപം എവിടെയാണോ അവിടെയാണ് നമ്മുടെ ഹൃദയം ഇരിക്കുന്നത്. ആ ഹൃദയത്തിന്റെ ബോധവിചാരങ്ങൾ പുത്രന്റെ ഉള്ളിൽ നിന്ന് ഉൽഭവിക്കേണ്ടത്. സകലജാതികളും ജനങ്ങളും ദൈവത്തെ സ്തുതിക്കേണം. കാരണം ദൈവത്തിന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ഈ സത്യത്തെ മനസ്സിലാക്കി, വിശ്വസിച്ച്, ആ വഴിയിൽ സഞ്ചരിച്ച് ജീവന്റെ ഉറവിടമായ യേശുവിന്റെ അരികിൽ എത്തിച്ചേരണം, അതിനായി ദൈവത്തെ സ്തുതിക്കേണം, സ്തോത്രം ചെയ്യണം.